പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 946** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. ജെ. വിനോദ്
ശ്രീമതി ഉഷ വിജയൻ
ശ്രീ. കെ. എം. അഭിജിത്ത്
ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സർക്കാർ സ്കൂളുകളും ആശുപത്രികളും അടക്കമുള്ള സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ യഥാസമയം നടക്കുന്നുവെന്നും അപകടകരമായ കേടുപാടുകൾ ഇല്ലെന്നും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

**പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ മുൻഗണന അടിസ്ഥാനത്തിൽ യഥാസമയം നടത്തുന്നുണ്ട്. പ്രവൃത്തിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ കൃത്യമായ പരിശോധനകൾ നടത്തുകയും കേടുപാടുകൾ കണ്ടെത്തിയാൽ അറ്റ കുറ്റപണികൾ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ മുഖേന അറ്റകുറ്റപ്പണികൾ വേഗത്തിലും കാര്യക്ഷമമായും നടക്കുന്നുണ്ട്. കെട്ടിടങ്ങളുടെ ഫിറ്റ്നസ് സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടായാൽ KHRI മുഖാന്തിരമുള്ള ആധികാരികമായ പരിശോധനകൾ നടത്തുകയും തുടർ നടപടികൾ സ്വീകരിയ്ക്കുകയും ചെയ്യുന്നുണ്ട്.**

**(ബി)** ചെറുതും വലുതുമായ എല്ലാ സർക്കാർ കെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കുമോ ;

<u>മറുപടി:</u>

**ചെറുതും വലുതും ഉൾപ്പെടെയുള്ള എല്ലാ കെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദം ആക്കാനുള്ള കാഴ്ചപ്പാടോടുകൂടിയുള്ള നിർമ്മാണ പ്രവൃത്തികളാണ് പൊതുമരാമത്ത് കെട്ടിട വിഭാഗം ഇപ്പോൾ അനുവർത്തിച്ച് വരുന്നത്. ഇതിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ എല്ലാം റാമ്പുകൾ, ഹാൻഡ് റെയിലുകൾ തുടങ്ങിയവ സ്ഥാപിച്ചു വരുന്നുണ്ട്. വലിയ കെട്ടിട സമുച്ചയങ്ങളിൽ എല്ലാം എസ്റ്റിമേറ്റിൽ തന്നെ ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ, റാമ്പ്, ഹാൻഡ് റെയിൽ, Tactile Tile എന്നിവ ഉൾപ്പെടുത്തിയാണ് നിർമ്മാണം പൂർത്തീകരിക്കുന്നത്. നിലവിൽ ഉപയോഗിച്ചു വരുന്ന കെട്ടിടങ്ങൾ സാധ്യമാകും വിധം ഭിന്നശേഷി സൗഹൃദമാക്കാനുള്ള നടപടികൾ കൂടി സ്വീകരിച്ചു വരുന്നുണ്ട്.**

**(സി)** പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസുകൾ ആധുനിക സജ്ജീകരണങ്ങളോടു കൂടി നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ?

<u>മറുപടി:</u>

**വിനോദസഞ്ചാര കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ ആധുനിക സജ്ജീകരണങ്ങളോടുകൂടി നവീകരിക്കുന്നതിന് സ്റ്റാഫുകളുടെ ആവശ്യകതയിലുള്ള വർദ്ധനവ് മറ്റ് ആവർത്തന, അനാവർത്തന ചെലവുകളിലുള്ള വർദ്ധനവ് എന്നിവ പഠിച്ച് സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയേഴ്സ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.**

**സെക്ഷൻ ഓഫീസർ**